ശ്രീ. സി. അച്യുതമേനോൻ : നേന്ത്രവാഴപ്പഴം കയറ്റുമതി ചെയ്യുന്നതു് കൃഷിക്കാരുടെ കോവാപ്പറേറ്റീവു് സൊസൈറ്റികളും ശുപാർശചെയ്തു് അതു മുഖാന്തിരം നടത്തുമെന്നാണു് പത്രങ്ങളിൽ കണ്ടതു്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞതു് ഒരു സ്വകാര്യകമ്പനിയിൽ ഗവണ്മെന്റു് ഷെയർ എടുക്കാൻ ഉദ്ദേശിക്കുന്നു എന്നാണു്. ഇതിന്റെ കാരണമെന്താണു് ? സഹകരണാടിസ്ഥാനത്തിൽ ഇങ്ങനെ കൃഷിക്കാരുടെ സംഘങ്ങളുണ്ടാക്കി അതു മുഖാന്തിരം ചരക്കു് എക്സ്പോർട്ടു് ചെയ്യുന്ന കാര്യം ഗവണ്മെന്റു് പരിഗണിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : മദ്രാസു്, മൈസൂർ, കേരളം ഈ സ്റ്റേറ്റുകളെല്ലാംകൂടി ചേർന്നാണു് ടി സൗത്തു് ഇൻഡ്യാ ബനാനാ ആൻറു് ഫ്രൂട്ടു് ഡവലപ്പുമെൻറു് കമ്പനി ഉണ്ടാക്കിയിട്ടുള്ളതു്. 10 ലക്ഷം രൂപയാണു് ഇതിന്റെ മൂലധനം. ഈ സ്റ്റേറ്റിനു് അതിൽ ഷെയറെടുക്കണം 1,27,000 രൂപയുടെ ഷെയർ എല്ലാ സ്റ്റേറ്റുകളും എടുക്കുകയാണു്. അല്ലാതെ ഇവിടെ നിന്നു നേരിട്ടു കയറ്റി അയയ്ക്കാൻ ഗവണ്മെന്റിനു പരിപാടിയില്ല.

ശർക്കര വിലക്കയറ്റം.

* 649. [15] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) അടുത്ത കാലത്തു കമ്പോളത്തിൽ ശർക്കരയ്ക്കു് ക്ഷാമവും വിലവർദ്ധനയും ഉണ്ടായ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്റ്റേറ്റിലേക്കു് എത്ര ശർക്കര വേണം എന്നു കണക്കുണ്ടോ ;

(സി) ഇവിടെ എത്ര ഉൽപാദിപ്പിക്കുന്നു ; എത്ര ഇറക്കുമതി ചെയ്യുന്നു;

(ഡി) സാധാരണക്കാരന്റെ നിത്യോപയോഗസാധനമായ ശർക്കര വേണ്ടത്ര കിട്ടുമാറാക്കുവാൻ വേണ്ടുന്ന നടപടികളും ഗവണ്മെന്റു് എടുക്കുമോ ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) 1963 നവംബർ, ഡിസംബർ മാസങ്ങളിൽ ശർക്കരയ്ക്കു് ചില സ്ഥലങ്ങളിൽ അൽപ്പം വില വർദ്ധനവുണ്ടായിട്ടുണ്ടു്. പറയത്തക്ക ക്ഷാമം ഉണ്ടായിട്ടില്ല.

(ബി,സി) കൃത്യമായ കണക്കില്ല. പ്രതിവർഷം ഉദ്ദേശം ഒരു ലക്ഷം ടൺ ആവശ്യമുണ്ടു്.

(ഡി) വേണ്ട നടപടികളും എടുത്തുവരുന്നു.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : നമ്മുടെ സ്റ്റേറ്റിനാവശ്യമായ ശർക്കര ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല എന്നുള്ളതാണു് പരമാർത്ഥം. അതു കൊണ്ടാണു് ഈ ക്ഷാമം ഉണ്ടാകുന്നതെന്നു പറയുന്നു എങ്കിലും മറ്റു സ്റ്റേറ്റുകളിൽനിന്നു് ഇവിടേക്കാവശ്യമുള്ള ശർക്കര നിയന്ത്രണമില്ലാതെ ഇറക്കുമതി ചെയ്യാൻ വല്ല നടപടികളും എടുക്കാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : നിയന്ത്രണമില്ലാതെ ആവശ്യമുള്ള ശർക്കര ഇപ്പോഴും തന്നെ മദ്രാസിൽനിന്നും മൈസൂരിൽനിന്നും കിട്ടുന്നുണ്ടു്. ഇവിടത്തെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാദ്ധ്യതയുണ്ടോ എന്നുള്ള കാര്യം അറിഞ്ഞുകൂടാ.

ശ്രീ. പി. ഗോപാലൻ : മദ്യനിരോധന മേഖലകളിൽ പുതിയതായി വന്നിട്ടുള്ള 'വിപ്ലവാരിഷ്ടത്തി'നു് ഈ ശർക്കര ഉപയോഗിക്കുന്നതുകൊണ്ടാണു് ശർക്കരയ്ക്കു് ഇത്ര ക്ഷാമം വന്നിട്ടുള്ളതെന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : അരിഷ്ടം ഉണ്ടാക്കുന്നതുകൊണ്ട് ശർക്കരയ്ക്ക് ബുദ്ധിമുട്ടൊന്നും ഉണ്ടായിട്ടില്ല. അരിഷ്ടമുണ്ടാക്കുന്നതിന് ശർക്കര വേണമെന്നറിയാം.

ശ്രീ. മാലേത്തുഗോപിനാഥപിള്ള : പമ്പാറിവർ ഫാക്ടറി, മന്നം ഷുഗർമിൽസ് ഈ രണ്ട് മിൽസിനും, ശർക്കരയ്ക്ക് അമിതമായ വിലകൂടുതലുള്ളതുകൊണ്ട് ആവശ്യമായ കരിമ്പ് ലഭിക്കാത്തതുകൊണ്ട് പഞ്ചസാര ഉൽപ്പാദിപ്പിക്കുവാൻ വിഷമം നേരിടുന്നു. അതുകൊണ്ട് ശർക്കരയ്ക്കും, കരിമ്പിനും നിജപ്പെടുത്തിയ വില നിശ്ചയിക്കാൻ നടപടി എടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : ഫാക്ടറിക്ക് ആവശ്യമായ കരിമ്പിന് ബുദ്ധിമുട്ടുവന്നാൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : നമ്മുടെ സ്റ്റോറിലെ ചെലവിന്റെ കണക്ക് മന്ത്രി പറയുകയുണ്ടായി. ഇത് ശരിയായ കണക്കല്ലെന്നും ഇന്ന നിയന്ത്രണം വച്ചിരിക്കുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടാവുന്നുണ്ടെന്നും മനസ്സിലാക്കി അയൽ സംസ്ഥാനങ്ങളിൽനിന്നും ധാരാളം ശർക്കര ഇറക്കുമതി ചെയ്ത് ഇവിടെ നൽകാനും നിയന്ത്രണം പിൻവലിക്കാനും ശ്രമിക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : ഈ ഗവണ്മെന്റ് ഈ സ്റ്റോറിലേക്കുമാത്രം കൊണ്ടുവന്ന നിയന്ത്രണമല്ല. സൗത്ത് ഇൻഡ്യൻ സ്റ്റോറിലെല്ലാം ഉള്ള നിയന്ത്രണമാണ്.

ശ്രീ. ഇ. പി. ഗോപാലൻ : സാധാരണ ജനങ്ങൾ ഉപയോഗിക്കുന്ന താണതരം ശർക്കര ഇന്ന് എന്തിനുവേണ്ടിയാണ് ചെലവഴിക്കുന്നതെന്ന കാര്യം ഗവണ്മെന്റ് ഒന്നു പരിശോധിക്കാൻ തയ്യാറുണ്ടോ ; ഈ ശർക്കര വളരെ നികൃഷ്ടമായ ഏർപ്പാടിനാണ് പോകുന്നതെന്നും, അതുകൊണ്ടാണ് വില വർദ്ധിക്കുന്നതെന്നും സാധാരണ നാട്ടിൻപുറങ്ങളിലുള്ള പീടികകളിൽ മറ്റെല്ലാ ഐറ്റങ്ങളും ചെലവാകുന്നതിനേക്കാൾ അധികം ശർക്കരയാണ് ചെലവാകുന്നതെന്നും മനസ്സിലാക്കികൊണ്ട് ഇങ്ങനെ നികൃഷ്ടമായ രീതിയിൽ ശർക്കര കൊടുക്കുന്നതു തടയാൻ വല്ല നടപടിയും എടുത്താൽ ശർക്കരയുടെ വില നിജപ്പെടുത്താൻകഴിയും. ഇക്കാര്യത്തിൽ വല്ല നിർദ്ദേശവും കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : നികൃഷ്ടമായ ഈ ഏർപ്പാട് എന്താണെന്ന മനസ്സിലായില്ല. പ്രത്യേകമായി പറഞ്ഞാൽ അതേപ്പറ്റി അന്വേഷിക്കാം.

കുടിയേറ്റക്കാരുടെ കൈവശഭൂമി പതിച്ചുകൊടുക്കുന്ന പദ്ധതി

* 650. [17] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിയേറ്റക്കാരുടെ കൈവശ ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചോ ;

(ബി) എങ്കിൽ എവിടെയെല്ലാം ;

(സി) ഈ പ്രവർത്തനം എപ്പോഴേക്കു പൂർത്തിയാക്കാമെന്നാണ് ഉദ്ദേശിക്കുന്നത് ?

നിയമവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ, ബി) ലാൻഡ് അസൈൻമെന്റ് റൂൾ അനുസരിച്ചാണ് എല്ലാ ഡിസ്ട്രിക്റ്റിലും ഭൂമി പതിച്ചുകൊടുക്കാറുള്ളത്. അതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ലാൻഡ് അസൈൻമെന്റ് ചട്ടങ്ങളിൽ ചില ഭേദഗതികളും വരുത്തുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്നു. ഭേദഗതികളും വരുത്തികഴിഞ്ഞാൽ ഉദ്ദേശം രണ്ടു വർഷംകൊണ്ട് പദ്ധതി പൂർത്തിയാകുമെന്നു കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly